# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3781

## 15-03-2017 ൽ മറുപടിക്ക്

**കിഫ്ബി**

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള 'കിഫ്ബി'യുടെ അടുത്ത യോഗം എന്നാണ് ചേരുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ ? | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ 28-ാമത് യോഗം 21.03.2017 ന് ചേരുവാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 11,000 കോടി രൂപ മുതൽമുടക്കുള്ള പദ്ധതികൾ വിവിധ വകുപ്പുകളിൽ നിന്നു ലഭിച്ചിട്ടുണ്ട്. 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 'പ്രത്യേക നിക്ഷേപ പദ്ധതി' യിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുകയും, 08.08.2016 ലെ സ.ഉ (കൈ) നം. 315/2016/ധന നമ്പർ ഉത്തരവിൻ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടുകൾ കിഫ്ബിയുടെ പ്രോജക്റ്റ് അപ്രൈസൽ വിഭാഗത്തിന്റെ പരിശോധനയ്ക്ക് ശേഷമാണ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ഇപ്രകാരം ടി പദ്ധതികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ